REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 30-10-2024** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പിലെ നാമനിർദ്ദേശ പത്രിക പിൻവലിക്കാൻ സമയപരിധി ഇന്ന് അവസാനിക്കും.**
- **ഹോക്കി താരം P.R ശ്രീജേഷിന് തിരുവനന്തപുരത്ത് വൈകിട്ട് സംസ്ഥാന ഗവൺമെന്റിന്റെ നേതൃത്വത്തിൽ വിപുലമായ സ്വീകരണം.**
- **കാസർകോട് നീലേശ്വരം വീരർക്കാവ് കളിയാട്ട മഹോത്സവത്തിനിടെ ഉണ്ടായ കരിമരുന്ന് അപകടത്തെപ്പറ്റി സമഗ്രാന്വേഷണം നടത്തുമെന്ന് മന്ത്രി P രാജീവ്.**
- **കേരള ഹൈക്കോടതിയിൽ അഞ്ച് ജഡ്ജിമാർ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും.**
- **ഇന്ത്യ - ന്യൂസിലാന്റ് വനിതാ ഏകദിന ക്രിക്കറ്റ് പരമ്പര ഇന്ത്യയ്ക്ക്.**

## വാർത്തകൾ വിശദമായി

**സംസ്ഥാനത്ത് ഉപതെരഞ്ഞെടുപ്പിലെ നാമനിർദ്ദേശ പത്രിക പിൻവലിക്കുന്നതിന് സമയപരിധി ഇന്ന് അവസാനിക്കും. സൂക്ഷ്മപരിശോധനയിൽ 35 പത്രികകളാണ് സാധുവായി കണ്ടെത്തിയത്.**

**മൂന്ന് മണ്ഡലങ്ങളിലും മുന്നണികളുടെ പ്രചാരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി. വയനാട്ടിൽ UDF സ്ഥാനാർഥി പ്രിയങ്കഗാന്ധി മണ്ഡലത്തിലെ രണ്ടു ദിവസത്തെ പ്രചാരണത്തിന് ശേഷം ഇന്നലെ രാത്രിയോടെ ഡൽഹിക്ക് മടങ്ങി.**

LDF സ്ഥാനാർഥി സത്യൻ മൊകേരി ഇന്നലെ മാനന്തവാടി മണ്ഡലത്തിൽ വോട്ടഭ്യർത്ഥിച്ചു. ഇന്ന് കൽപ്പറ്റയിൽ അദ്ദേഹം വോട്ടർമാരെ കാണും.

NDA സ്ഥാനാർഥി നവ്യ ഹരിദാസ് ഇന്ന് വണ്ടൂർ മണ്ഡലത്തിലാണ് പ്രചാരണം നടത്തുന്നത്.

ചേലക്കരയിൽ മൂന്ന് മുന്നണികളും തിരക്കിട്ട തെരഞ്ഞെടുപ്പ് പര്യടനത്തിലാണ്. UDF സ്ഥാനാർഥി രമ്യ ഹരിദാസിന്റെ ഇന്നത്തെ പ്രചാരണ പരിപാടികൾ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും.

NDA സ്ഥാനാർഥി K.ബാലകൃഷ്ണൻ ഇന്ന് തിരുവില്വാമലയിലാണ് പ്രചാരണം നടത്തുന്നത്. വൈകീട്ട് അഞ്ചിന് സന്ദീപ് വാചസ്പതി പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യും.

LDF സ്ഥാനാർത്ഥി U.R പ്രദീപ്, മുള്ളൂർക്കര, പഴയന്നൂർ, എളനാട് എന്നിവിടങ്ങളിൽ ഇന്നലെ വോട്ടർമാരെ കണ്ടു.

✪✪✪

പാലക്കാട് നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ മുന്നണി സ്ഥാനാർത്ഥികൾ കളം നിറഞ്ഞ പ്രചാരണത്തിലാണ്. പാർട്ടികളിലെ മുതിർന്ന നേതാക്കൾ മണ്ഡലത്തിൽ പ്രചാരണത്തിനായി എത്തിത്തുടങ്ങി.

കൂടുതൽ വിവരങ്ങളുമായി ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്...

....(വോയ്സ്)....

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി വൈകിട്ട് ഗുജറാത്തിലെ ഏകതാനഗറിൽ 280 കോടി രൂപയുടെ പദ്ധതികൾക്ക് തുടക്കമിടും. പൂർത്തിയായ പദ്ധതികൾ നാടിന് സമർപ്പിക്കുന്ന പ്രധാനമന്ത്രി, മറ്റ് ഏതാനും പദ്ധതികൾക്ക് തറക്കല്ലുമിടും. 99-ാമത് ആരംഭ് - 6.0 പരിപാടിയിൽ ഓഫീസർ ട്രെയിനികളെ മറ്റൊരു ചടങ്ങിൽ നരേന്ദ്രമോദി അഭിസംബോധന ചെയ്യും. ഇന്നും നാളെയും പ്രധാനമന്ത്രി ഗുജറാത്തിലുണ്ടാകും.

✪✪✪

ഇന്ത്യ ലോകത്തിന് മുന്നിൽ ശക്തമായി നിൽക്കുന്നതിന് അടിത്തറയിട്ടത് സർദാർ വല്ലഭായ് പട്ടേലാണെന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ അഭിപ്രായപ്പെട്ടു. പട്ടേലിന്റെ ജന്മദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിലെ ധ്യാൻചന്ദ് നാഷണൽ സ്റ്റേഡിയത്തിൽ റൺ ഫോർ യൂണിറ്റി ഫ്ലാഗ് ഓഫ് ചെയ്യുകയായിരുന്നു അദ്ദേഹം.

**സർദാർ പട്ടേലിന്റെ കാഴ്ചപ്പാടുകൾക്കും ആശയങ്ങൾക്കും സന്ദേശങ്ങൾക്കും പ്രധാനമന്ത്രി നരേന്ദ്ര മോദി കൃത്യമായി രൂപം നൽകിയിട്ടുണ്ടെന്നും അമിത്ഷാ പറഞ്ഞു.**

✪✪✪

**പാരിസ് ഒളിമ്പിക്സ്സിൽ രണ്ടും തവണ വെങ്കലം നേടിയ ഹോക്കി താരം P.R ശ്രീജേഷിന് തിരുവനന്തപുരത്ത് വൈകിട്ട് വിപുലമായ സ്വീകരണം നൽകും. ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിലെ സ്വീകരണ ചടങ്ങ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.**

**സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച രണ്ട് കോടി രൂപയുടെ പാരിതോഷികവും മുഖ്യമന്ത്രി ശ്രീജേഷിന് സമ്മാനിക്കും. ഏഷ്യൻ ഗെയിംസ് മെഡൽ നേടിയ അഞ്ച് കായിക താരങ്ങളെ പൊതു വിദ്യാഭ്യാസ വകുപ്പിൽ സ്പോർട്സ് ഓർഗനൈസറായി നിയമിക്കുന്ന ഉത്തരവ് മന്ത്രി V.ശിവൻകുട്ടി ചടങ്ങിൽ കൈമാറും.**

✪✪✪

**കാസർകോട് നീലേശ്വരം വീരർക്കാവ് കളിയാട്ട മഹോത്സവത്തിനിടെ ഉണ്ടായ കരിമരുന്ന് അപകടത്തെപ്പറ്റി സമഗ്രാന്വേഷണം നടത്തുമെന്ന് മന്ത്രി P രാജീവ് പറഞ്ഞു. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടിയെടുക്കും. അപകട സ്ഥലം സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. കരിമരുന്ന് ഉപയോഗത്തിന് ഏർപ്പെടുത്തിയിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാവരും കർശനമായി പാലിക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു.**

**അതിനിടെ വെടിക്കെട്ട് അപകടത്തിൽ പൊലീസ് - ADM തലങ്ങളിൽ അന്വേഷണം പുരോഗമിക്കുകയാണെന്ന് മന്ത്രി K.രാജൻ കോഴിക്കോട്ട് പറഞ്ഞു. പരിക്കേറ്റവരുടെ ചികിത്സയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഗവൺമെന്റ് ഇടപെടുന്നുണ്ട്. അപകടത്തിൽ പരിക്കേറ്റ് കോഴിക്കോട്ട് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നവരെ കണ്ട ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി.**

**പരിക്കേറ്റ 101 പേർ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്. ഇതിൽ ഏഴ് പേർ വെന്റിലേറ്ററിലും, 14 പേർ തീവ്ര പരിചരണ വിഭാഗത്തിലുമാണ്.**

✪✪✪

**കണ്ണൂർ ADM കെ. നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് അറസ്റ്റിലായ മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് P.P ദിവ്യ ഇന്ന് തലശ്ശേരി സെഷൻസ് കോടതിയിൽ ജാമ്യാപേക്ഷ സമർപ്പിച്ചേക്കും. ഇന്ന് ചേരുന്ന CPIM ജില്ലാ സെക്രട്ടറിയേറ്റ് യോഗം ദിവ്യയ്ക്കെതിരെ സ്വീകരിക്കേണ്ട അച്ചടക്ക നടപടി ചർച്ച ചെയ്തേക്കുമെന്ന് റിപ്പോർട്ടുണ്ട്.**

P.P ദിവ്യയെ ഇന്നലെ തളിപ്പറമ്പ് മജിസ്ട്രേറ്റ് കോടതി രണ്ടാഴ്ചത്തേക്ക് റിമാൻഡ് ചെയ്തിരുന്നു. കണ്ണൂർ സെൻട്രൽ ജയിലിനോട് ചേർന്ന വനിതാ ജയിലിലേക്കാണ് ദിവ്യയെ അയച്ചത്.

✪✪✪

ADM നവീൻ ബാബുവിന്റെ മരണം കണ്ണൂർ ജില്ലാകളക്ടറെ മാറ്റിനിർത്തി അന്വേഷിച്ചില്ലെങ്കിൽ അട്ടിമറിയ്ക്കപ്പെടുമെന്ന് BJP സംസ്ഥാന സെക്രട്ടറി K.ശ്രീകാന്ത് ആരോപിച്ചു. ജില്ലാകളക്ടർ പൊലീസിനു നൽകിയ മൊഴിയനുസരിച്ച് സംഭവത്തിൽ കളക്ടർക്ക് വ്യക്തമായ ബന്ധമുണ്ടെന്ന് തെളിയുന്നതായും ശ്രീകാന്ത് അഭിപ്രായപ്പെട്ടു.

✪✪✪

കേരള ഹൈക്കോടതിയിൽ അഞ്ച് ജഡ്ജിമാർ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. ഇവരുടെ നിയമനത്തിന് അംഗീകാരം നൽകി രാഷ്ട്രപതി ദ്രൗപതി മുർമു ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ഹൈക്കോടതി രജിസ്ട്രാർ ജനറൽ P കൃഷ്ണകുമാർ, ഹൈക്കോടതി വിജിലൻസ് രജിസ്ട്രാർ KV ജയകുമാർ, ഹൈക്കോടതി ജില്ലാ ജുഡീഷ്യറി രജിസ്ട്രാർ ജോബിൻ സെബാസ്റ്റ്യൻ, കോഴിക്കോട് ജില്ലാ സെഷൻസ് ജഡ്ജി S മുരളീകൃഷ്ണ, തിരുവനന്തപുരം പ്രിൻസിപ്പൽ ജില്ലാ സെഷൻസ് ജഡ്ജി PV ബാലകൃഷ്ണൻ എന്നിവരാണ് പുതിയ ജഡ്ജിമാർ. ഇതോടെ ഹൈക്കോടതിയിൽ ജഡ്ജിമാരുടെ എണ്ണം 45 ആകും.

✪✪✪

കേരളപ്പിറവി ദിനത്തിൽ തദ്ദേശസ്ഥാപനങ്ങളിൽ നിന്ന് തിരഞ്ഞെടുത്ത 68 വിനോദസഞ്ചാര കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിക്കും. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിനിലൂടെയാണ് ടൂറിസം കേന്ദ്രങ്ങളെ കണ്ടെത്തിയത്.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

......(വോയ്സ്)..........

മാലിന്യസംസ്കരണം, പ്ലാസ്റ്റിക് നിരോധനം, ടോയ്‌ലറ്റ് സംവിധാനങ്ങൾ എന്നിവയടക്കം ശുചിത്വപരിപാടികൾ പ്രത്യേക സംഘം വിലയിരുത്തിയ ശേഷമാണ് ആദ്യഘട്ടത്തിൽ 68 ഹരിത ടൂറിസം കേന്ദ്രങ്ങളെ തിരഞ്ഞെടുത്തത്. അടുത്ത ഘട്ടത്തിൽ ജലസുരക്ഷ, ജൈവ വൈവിധ്യ സംരക്ഷണം, ഊർജ്ജ സംരക്ഷണം എന്നിവ പരിഗണിച്ചായിരിക്കും ഹരിത ടൂറിസം കേന്ദ്രങ്ങളെ തിരഞ്ഞെടുക്കുന്നത്.

പാലക്കാട് കോട്ടമൈതാനത്തെ വാടിക, പത്തനംതിട്ടയിലെ അടവി ഇക്കോടൂറിസം കേന്ദ്രം, നിലമ്പൂർ തേക്ക് മ്യൂസിയം, വയനാട്ടിലെ കാരാപ്പുഴ

ഡാം, കോഴിക്കോട്ടെ ലോകനാർകാവ് ക്ഷേത്രം, ആലപ്പുഴയിലെ വിജയ ബീച്ച് പാർക്ക്, എറണാകുളത്തെ പാണിയേലിപ്പോര്, ഇടുക്കിയിലെ കാൽവരി മൗണ്ട്, കണ്ണൂരിലെ ജബ്ബാർകടവ്, ഗുരുവായൂർ ശ്രീകൃഷ്ണക്ഷേത്രം, കാസർകോട്ടെ ബേക്കൽകോട്ട തുടങ്ങിയവ ആദ്യഘട്ടത്തിലുൾപ്പെടുന്നു.

✪✪✪

ഇന്ത്യ - ന്യൂസിലാന്റ് വനിതാ ഏകദിന ക്രിക്കറ്റ് പരമ്പര ഇന്ത്യയ്ക്ക്. ഇന്നലെ അവസാന മാച്ചിൽ ആറ് വിക്കറ്റിനാണ് അവർ ന്യൂസിലാന്റിനെ പരാജയപ്പെടുത്തിയത്. മൂന്ന് മത്സര പരമ്പരയിൽ രണ്ടെണ്ണം വിജയിച്ചാണ് അവർ കിവീസിനെ തോൽപ്പിച്ചത്. അഹമ്മദാബാദ് നരേന്ദ്രമോദി സ്റ്റേഡിയത്തിൽ 233 റൺസ് വിജയലക്ഷ്യവുമായി ബാറ്റിംഗ് ആരംഭിച്ച ഇന്ത്യ, 34 പന്ത് ശേഷിക്കെ നാല് വിക്കറ്റിന് 236 റൺസെടുത്തു. നേരത്തെ ന്യൂസിലാന്റ് 232 റൺസിന് എല്ലാവരും പുറത്തായി. സ്മൃതി മന്ദാനയുടെ സെഞ്ച്വറിയാണ് ഇന്ത്യയെ മികച്ച വിജയത്തിലെത്തിച്ചത്.

✪✪✪

തിരുവനന്തപുരത്ത് കളിക്കളം കായികമേളയുടെ രണ്ടാം ദിവസവും വയനാട് മുന്നേറുന്നു. 214 പോയിന്റ് നേടിയ വയനാടിനു പിന്നിൽ 81 പോയിന്റുമായി തിരുവനന്തപുരം രണ്ടാം സ്ഥാനത്തും, 48 പോയിന്റുമായി കണ്ണൂർ മൂന്നാം സ്ഥാനത്തുമാണ്.

സ്കൂൾ വിഭാഗത്തിൽ കണിയാമ്പറ്റ മോഡൽ റസിഡൻഷ്യൽ സ്കൂൾ തന്നെയാണ് ഒന്നാം സ്ഥാനത്ത്. കണ്ണൂർ MRS രണ്ടും, കട്ടേല MRS മൂന്നും സ്ഥാനങ്ങളിലുണ്ട്.

✪✪✪

മണ്ണിലും, വെള്ളത്തിലും, വായുവിലും മൈക്രോ പ്ലാസ്റ്റിക്ക് കണങ്ങൾ കൂടിവരുന്നതായി കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് നടത്തിയ പഠനത്തിൽ കണ്ടെത്തി. പരിസ്ഥിതി ശാസ്ത്രജ്ഞൻ ഡോ M.K സതീഷ് കുമാറിന്റെ നേതൃത്വത്തിലാണ് ബ്ലോക്കിലെ അഴീക്കോട് ചാൽ ബീച്ച് മുതൽ അഴീക്കൽ വരെ പ്രദേശത്തെ കുടിവെള്ളവും കടൽ വെള്ളവും പഠന വിധേയമാക്കിയത്.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ......

............(വോയ്സ് )...............

✪✪✪

ഈ വർഷത്തെ ശബരിമല മണ്ഡല- മകരവിളക്ക് തീർത്ഥാടനം സുഗമമാക്കാൻ വിപുലമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി മന്ത്രി V.N വാസവൻ അറിയിച്ചു. ശബരിമല റോപ്-വേയുടെ നിർമ്മാണപ്രവർത്തനങ്ങൾ അടുത്തു തന്നെ തുടങ്ങാനാവുമെന്നും മന്ത്രി പത്തനംതിട്ട പ്രസ് ക്ലബിന്റെ ശബരിമല സുഖദർശനം സംവാദം ഉദ്ഘാടനം ചെയ്യവെ പറഞ്ഞു.

✪✪✪

ചിത്തിര ആട്ട തിരുനാളിനായി ശബരിമലയിൽ വൈകീട്ട് അഞ്ചിന് നട തുറക്കും. നാളെയാണ് ചിത്തിര ആട്ടവിശേഷം. ഇന്ന് പ്രത്യേക പൂജകൾ ഉണ്ടാവില്ല. ചിത്തിര ആട്ടപൂജകൾ പൂർത്തിയാക്കി നാളെ രാത്രി 10-ന് നട അടയ്ക്കും.

✪✪✪

15 വർഷത്തിനകം കേരളം വിജ്ഞാന വ്യവസായത്തിന്റെ ഹബ്ബായി മാറുമെന്ന് മന്ത്രി P രാജീവ് പറഞ്ഞു. കാസർകോട് അനന്തപുരം വ്യവസായ പാർക്കിൽ ഏഴ് സംരംഭങ്ങൾ ഉദ്ഘാടനം ചെയ്യുകയും, ആറ് സംരംഭങ്ങൾക്ക് തറക്കല്ലിടുകയും ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

അട്ടപ്പാടിയിൽ ഇന്നലെ വൈകിട്ട് കനത്ത മഴയിൽ വ്യാപക നാശനഷ്ടമുണ്ടായി. പത്തിലേറെ കുടുംബങ്ങളെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റി പാർപ്പിച്ചു. ശിരുവാണിപ്പുഴയിൽ ജലനിരപ്പ് ഉയരുന്ന സാഹചര്യത്തിൽ ജാഗ്രത നിർദ്ദേശം നൽകിയിട്ടുണ്ട്.

✪✪✪